പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 511 — 24.10.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി ഡ്രൈവർമാർക്ക് പരിശീലനം

ചോദ്യം — ഉത്തരം

ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. വർക്കല കഹാർ

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിലെ പരിശീലകർക്കും ഡ്രൈവർമാർക്കും തൊഴിൽപരമായ പരിശീലനം നൽകുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്; | (എ) | കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർമാരുടെ ഡ്രൈവിംഗ് ന്യൂനതകൾ കണ്ടുപിടിക്കുന്നതിനും അവ പരിഹരിക്കുന്നതിനും ഡ്രൈവർ വിഭാഗത്തിൽ നിന്നും മെച്ചപ്പെട്ട ഡ്രൈവിംഗ് സ്വഭാവമുള്ളവരെ കോർപ്പറേഷൻ തിരഞ്ഞെടുത്ത് പരിശീലനം നൽകി ഡ്രൈവർ ട്രെയിനർമാരായി നിയമിച്ചിട്ടുണ്ട്. കോർപ്പറേഷൻ നൽകുന്ന പരിശീലനം കൂടാതെ ഇവരെ നാമക്കലിലുള്ള അശോക് ലൈലാന്റ്, റ്റാറ്റ എന്നീ വാഹന നിർമ്മാതാക്കളുടെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലും, പൂനയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് ട്രാൻസ്പോർട്ട് എന്ന സ്ഥാപനത്തിലും അയച്ച് ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതുമായ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഡ്രൈവർമാർക്ക് കോർപ്പറേഷന്റെ തിരുവനന്തപുരം, എറണാകുളം, എടപ്പാൾ എന്നീ പരിശീലന കേന്ദ്രങ്ങളിൽ വിവിധ തരത്തിലുള്ള പരിശീലനവും കോർപ്പറേഷൻ നൽകി വരുന്നു. പെട്രോളിയം കൺസർവേഷൻ ആന്റ് റിസർച്ച് |

| | | | |
|---|---|---|---|
| | | | അസോസിയേഷൻ (PCRA) നാഷണൽ ട്രാൻസ്പോർട്ടേഷൻ ആന്റ് റിസർച്ച് സെന്റർ (NATPAC), മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്, ട്രാഫിക് പോലീസ്, സെൻട്രൽ ബോർഡ് ഓഫ് വർക്കേഴ്സ് എഡ്യൂക്കേഷൻ എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് തൊഴിൽ പരമായ പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | ഡ്രൈവിംഗ് ശീലങ്ങളിലും സാങ്കേതിക വശങ്ങളിലും ഗവേഷണം നടത്തുന്നതിന് ഒരു പ്രത്യേക ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ ; | (ബി) യും (സി) യും (ഡി) യും | കെ.എസ്.ആർ.ടി.സി.യ്ക്കു മാത്രമായി ഒരു Training Research and Development Institute സ്ഥാപിക്കുന്നകാര്യം പരിഗണനയിലാണ്. |
| (സി) | എവിടെയാണ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; | | |
| (ഡി) | ഇതിന് കേന്ദ്രസഹായം ലഭ്യമാണോ; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ